# GOVERNMENT OF KERALA

## Abstract

AYUSH Department – Homoeopathy – Final Order dated 16.11.2021 in OA (EKM)No.863/2020 of the Hon'ble Kerala Administrative Tribunal, Thiruvananthapuram (Additional Bench, Ernakulam) – Complied with – Orders issued.

## AYUSH (B) DEPARTMENT

G.O.(Ms)No.19/2022/AYUSH Dated,Thiruvananthapuram, 27-06-2022

Read 1) GO(Rt)No. 604/2019/AYUSH dated 25.11.2019.
2) Final Order dated 16.11.2021 in OA(EKM) 863/2020 of the Hon'ble Kerala Administrative Tribunal.
3) Letter No.DHTVM/1381/2020-EB3 dt: 22.12.2021 of the Director of Homoeopathy, Thiruvananthapuram.

## ORDER

Sri.Velayudhan M P, father of Dr.M.P.Udayabhanu (Medical Officer, Homoeopathy Department) who died–in–harness, has filed OA(EKM) No.863/2020 before the Hon'ble Kerala Administrative Tribunal, Thiruvananthapuram (Additional Bench, Ernakulam) for getting family pension of his deceased son, Dr.M.P.Udayabhanu.

2) In the final order dtd 16.11.2021 of the Hon'ble Kerala Administrative Tribunal in OA(Ekm) No. 863/2020, filed by Sri. Velayudhan M.P, Annexure A5 order read as 1$^{st}$ paper above is set aside. The Hon'ble Kerala Administrative Tribunal has directed the respondents to sanction the family pension to the applicant with effect from 1.7.2011, from the date on which the income limit is enhanced to Rs.15,000/-. The arrears due in this regard shall be calculated and paid to the applicant at the earliest and the monthly amount of eligible family pension shall be continued to be paid without any default, till the death of the applicant. The amounts due in this regard shall be sanctioned and disbursed to the applicant as expeditiously as possible, at any rate, within a period of two months from the date of receipt of a copy of the order.

3) Government have examined the matter in detail and are pleased to

sanction the family pension and the arrears due in this regard to Sri.Velayudhan M.P, dependent (father) of Dr. M.P. Udayabhanu who died in harness while serving as Medical Officer, Homoeopathy Department, as a special case relaxing the existing rules, with effect from 01.07.2011, in compliance with the final order dated 16.11.2021 of the Hon'ble Kerala Administrative Tribunal in OA(Ekm) No. 863/2020.

4) The Final Order dated 16.11.2021 in OA(Ekm)No. 863/2020 of Hon'ble Kerala Administrative Tribunal read as 2nd paper above is duly complied with accordingly.

(By order of the Governor)
RAJAN NAMDEV KHOBRAGADE
PRINCIPAL SECRETARY

The Advocate General, O/o the Advocate General, Thiruvananthapuram / Ernakulam (with Covering Letter).
The Director of Homoeopathy, Thiruvananthapuram.
Sri.Velayudhan M P, Malayam Parambath, Neeraja Sadanam, Ariyalloor, Malappuram – 676 312.
The District Medical Officer (Homoeo), Malappuram..
The Principal Accountant General (Audit/ A&E) Kerala, Thiruvananthapuram.
The GA(SC) Department (vide Item No.840 dated 22-06-2022)
Stock File// Office Copy.

Forwarded /By order
**Signed by T Lekha**
**Date: 27-06-2022 12:34:42**
Section Officer

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-06-2022

ഫയൽ നം. ബി3/126/2020/ആയുഷ്. ഇനം നം: 840

വിഷയം : ആയുഷ് വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.(ഇ.കെ.എം.) 863/2020 നമ്പർ കേസിന്മേലുള്ള 16.11.2021-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ തസ്തികയിലിരിക്കെ മരണമടഞ്ഞ ഡോ.ഉദയഭാനു എം. പി.-യുടെ കുടുംബ പെൻഷൻ അദ്ദേഹത്തിന്റെ അനന്തരാവകാശിയായ ശ്രീ. വേലായുധൻ എം. പി.-യ്ക്ക് 01.07.2011 തീയതി പ്രാബല്യത്തിൽ അനുവദിച്ചും ആയതിന്റെ അരിയർ അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നത്.

തീരുമാനം :
1. കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.
2. ഇതേ ആനുകൂല്യം സമാനമായ കേസുകളിൽ അനുവദിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

840

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | ബി3/126/2020/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (ബി) വകുപ്പ് |
| 3. വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. (ഇ.കെ.എം) 863/2020 നമ്പർ കേസിന്മേലുള്ള 16.11.2021-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ തസ്തികയിലിരിക്കെ മരണമടഞ്ഞ ഡോ.ഉദയഭാനു എം.പി.-യുടെ കുടുംബ പെൻഷൻ അദ്ദേഹത്തിന്റെ അനന്തരാവകാശിയായ ശ്രീ.വേലായുധൻ എം.പി.-ക്ക് 01.07.2011 തീയതി പ്രാബല്യത്തിൽ അനുവദിച്ചും ആയതിന്റെ അരിയർ അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06.06.2022. |
| 5.i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. വിജയകുമാർ എസ്. |
| 8. കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. രാജൻ എൻ ഖോബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 10.06.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.06.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 16.06.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18.06.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ തസ്തികയിലിരിക്കെ മരണമടഞ്ഞ ഡോ.ഉദയഭാനു എം.പി.-യുടെ കുടുംബ പെൻഷൻ അദ്ദേഹത്തിന്റെ അനന്തരാവകാശിയായ ശ്രീ.വേലായുധൻ എം.പി.-യ്ക്ക് അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം. ഡോ.എം പി ഉദയഭാനുവിന്റെ ആശ്രിതർക്കുള്ള കുടുംബ പെൻഷൻ 01.07.2011. തീയതി പ്രാബല്യത്തിൽ അരിയർ സഹിതം അനുവദിക്കുന്നതിനായി ശ്രീ. വേലായുധൻ എം.പി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഒ.എ.(ഇ.കെ.എം)നം. 863/2020 ഫയൽ ചെയ്യുകയുണ്ടായി. കുടുംബ പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വേലായുധൻ എം.പി. ഫയൽ ചെയ്തിരുന്ന ഒ.എ (ഇ.കെ.എം)നം. 568/2016 കേസിൽ, 25.11.2019 തീയതിയിലെ GO(Rt)No.604/2019/AYUSH (Annexure A5 order) പ്രകാരം ടി ആവശ്യം നിരസിച്ച സർക്കാർ ഉത്തരവായിരുന്നു.

2) ശ്രീ. വേലായുധൻ എം.പി. ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം) നം. 863/2020 -ന്മേലുള്ള 16.11.2021-ലെ ഉത്തരവിൽ, Annexure A5 order റദാക്കിയിരുന്നു. ടി ഉത്തരവിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

" The respondents are directed to sanction the family pension to the applicant with effect from 1.7.2011, from the date on which the income limit is enhanced to Rs. 15,000/-. The arrears due in this regard shall be calculated and paid to the applicant at the earliest and the monthly amount of eligible family pension shall be continue to be paid without any default, till the death of the applicant. The amounts due in this regard shall be sanctioned and disbursed to the applicant as expeditiously as possible, at any rate, within a period of two months from the date of receipt of a copy of this order."

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ അയച്ചപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"*Administrative Department is requested to file appeal against* the order after obtaining the remarks of Law Department."

4) ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് ശ്രീ. വേലായുധൻ എം.പി., ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ. (ഇ.കെ.എം) നം. 863/2020-ന്മേലുള്ള 16.11.2021 - ലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു. ആയത് ചുവടെ കണ്ടാലും:

"ഹോമിയോ മെഡിക്കൽ ഓഫീസറായി സേവനത്തിലിരിക്കെ 18/06/2001-ൽ മകൻ മരിച്ചതിനെ തുടർന്ന് ഉയർത്തിയ വാർഷിക വരുമാന പരിധിക്കനുസൃതമായി ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി സമർപ്പിച്ച

അപേക്ഷ നിരസിച്ചതിനെത്തുടർന്ന് ശ്രീ. വേലായുധൻ എം.പി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A. (EKM) No. 863/2020 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ആയതിൽ 16/11/2021 -ൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവ് പ്രകാരം അപേക്ഷകന്റെ നിവേദനം നിരസിച്ച Annexure A5 ഉത്തരവ് അസാധുവാക്കിക്കൊണ്ട് അപേക്ഷകനു നൽകാനുള്ള ആനുകൂല്യം അന്തിമ ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 2 മാസത്തിനുള്ളിൽ അനുവദിച്ച് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണൽ 13/10/2021 -ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന് മറുപടിയായി സർക്കാർ സമർപ്പിച്ചിട്ടുള്ള reply statement -ൽ ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം കോടതിയെ ബോധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത അഭിപ്രായം കൂടി പരിഗണിച്ചാണ് കോടതി 16/11/2021 -ൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ടി ഉത്തരവിന്റെ ഖണ്ഡിക (6) ലെ ട്രൈബ്യൂണൽ നിരീക്ഷണം ഇപ്രകാരമാണ്.

"This Tribunal is at a loss to understand the logic behind the decision taken by the Government. The applicant continues to be the father of the deceased employee, until this death. The concept of Family Pension is intended to support and protect the dependent family members of the deceased employee or deceased pensioner, who will become destitute and non-supported because of the death of the earning member in the family, who was supporting the life and existence of the dependent family members. Merely because the dependent member was having an annual income beyond the limit stipulated at the point of time of death of the employee, it cannot be said that the dependent member of the family, who is eligible to get the family pension should continue as ineligible, all along during his life, despite the Government enhances the eligibility limit taking into consideration of the inflating living index. Once the dependent family member become eligible by virtue of the law prevailing at any point of time during his life, he will become entitled to get the family pension, at least on a prospective basis. Any interpretation otherwise if adopted will only be defeating the intent and purport as well as the objective of the statutory scheme."

മേൽ പരാമർശിത നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷകൻ മുതിർന്ന പൗരനാണെന്ന വസ്തുതയും ടിയാന്റെ സാഹചര്യവും അനുഭാവപൂർവം പരിഗണിച്ചുകൊണ്ടാണ് കാലാകാലങ്ങളിൽ അനുശാസിക്കുന്ന യോഗ്യത മാനദണ്ഡങ്ങൾക്കുള്ളിൽ അപേക്ഷകൻ ഉൾപ്പെട്ട തീയതി മുതൽക്ക് ഫാമിലി പെൻഷൻ ടിയാൾക്ക് നിരസിക്കുവാൻ കഴിയില്ലായെന്ന് ട്രൈബ്യൂണൽ ഉത്തരവായിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ O.A. (EKM) No. 863/2020 കേസിൽ 16/11/2021 തീയതിയിൽ പുറപ്പെടുവിച്ച

ഉത്തരവിനെതിരെ വിജയകരമായ അപ്പീൽ സാദ്ധ്യത വിരളമാണെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്. എന്നിരുന്നാലും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മുൻനിർത്തി അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം ഭരണ വകുപ്പിന് സ്വീകരിക്കാവുന്നതാണ്."

5) അപ്പീലിന് വിജയസാദ്ധ്യത വിരളമാണെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നതിനാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16.11.2021-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. വേലായുധൻ എം.പി.-യ്ക്ക് 01.07.2011 തീയതി പ്രാബല്യത്തിൽ കുടുംബപെൻഷനും അരിയറും അനുവദിക്കുന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞു സമർപ്പിക്കുവാൻ ഉത്തരവായി. ഫയൽ വീണ്ടും ധനവകുപ്പിലേയ്ക്ക് അയയ്ച്ച അവസരത്തിൽ പ്രസ്തുത വകുപ്പ് ചുവടെ ചേർത്തിരിക്കും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി :

*"പെൻഷണർ/ജീവനക്കാരൻ മരണമടയുന്ന സമയത്ത് അനന്തരാവകാശ സർട്ടിഫിക്കറ്റ്, നോൺ-എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം അർഹതയുണ്ടെങ്കിൽ മാത്രമാണ് ചട്ടപ്രകാരം കുടുംബപെൻഷൻ മാതാപിതാക്കൾക്ക് അനുവദിക്കുന്നത്. ഡോ. എം.പി. ഉദയഭാനുവിന്റെ മരണത്തെ തുടർന്ന് പിതാവ് കുടുംബപെൻഷന് അപേക്ഷ സമർപ്പിക്കുമ്പോൾ 20.06.2002 ലെ വരുമാനസർട്ടിഫിക്കറ്റ് പ്രകാരം ടിയാന്റെ വാർഷിക വരുമാനം 7001/- രൂപയാണ്. എന്നാൽ ഇക്കാലയളവിൽ, മാതാപിതാക്കൾക്ക് കുടുംബപെൻഷനുള്ള വാർഷിക വരുമാനപരിധി GO(P) No. 1230/96/Fin dated 17/12/1996 പ്രകാരം 4800/- രൂപയായിരുന്നു. ആയതിനാൽ ഡോ.എം.പി.ഉദയഭാനുവിന്റെ മാതാപിതാക്കൾക്ക് കുടുംബപെൻഷന് അർഹതയില്ല. കുടുംബപെൻഷനുള്ള വരുമാനപരിധി GO(P) No. 482/2006/Fin dated 28/11/2006 പ്രകാരം 6000/- രൂപയായി ഉയർത്തിയിട്ടുള്ളത് 01.10.2006 പ്രാബല്യത്തിലും GO(P) No. 326/2011/Fin dated 02/08/2011 പ്രകാരം 15000/- രൂപയായി ഉയർത്തിയിട്ടുള്ളത് 01.07.2011 പ്രാബല്യത്തിലുമാണ്.കുടുംബപെൻഷന് യോഗ്യത നേടിയ സമയത്ത് അർഹത (വൈകല്യ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, നോൺ-റീമാരിയേജ് സർട്ടിഫിക്കറ്റ്, നോൺ-റീഎംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്) ഇല്ലാത്തവരുടെ അപേക്ഷ പിന്നീട് അർഹതാ മാനദണ്ഡത്തിൽ ഉണ്ടാകുന്ന മാറ്റം പ്രകാരം പരിഗണിക്കുകയാണെങ്കിൽ മുൻകാലങ്ങളിൽ നിരസിച്ച അപേക്ഷകൾ പരിഗണിക്കണം എന്ന് ആവശ്യപ്പെട്ട് കൂടുതൽ വ്യക്തികൾ സർക്കാരിനെ സമീപിക്കുവാനും, അത് നിരസിക്കുന്നത് വഴി കോടതി വ്യവഹാരങ്ങൾക്ക് ഇടയാക്കുമെന്നതിനാലും യോഗ്യത നേടുന്ന സമയത്തെ അർഹത മാത്രം കണക്കാക്കിയാണ് ഔദാര്യ അവകാശികൾക്ക് കുടുംബപെൻഷൻ അനുവദിച്ചു വരുന്നത്. ഈ സാഹചര്യത്തിൽ ജീവനക്കാരൻ മരണപ്പെട്ട സമയത്ത് വരുമാന സർട്ടിഫിക്കറ്റ് പ്രകാരം കുടുംബ പെൻഷന്*

അർഹതയില്ലായിരിക്കുകയും പത്ത് വർഷത്തിനു ശേഷം വരുമാന പരിധിയിലുണ്ടായ മാറ്റത്തിനനുസരിച്ച് കുടുംബ പെൻഷൻ അനുവദിക്കണമെന്ന ആവശ്യം നിലവിലുള്ള ചട്ട പ്രകാരം പരിഗണിക്കുവാൻ സാധിക്കുകയില്ല. കൂടാതെ സമാനമായ കേസുകളിൽ (File No.E-4199738 & 1868717) കുടുംബ പെൻഷൻ അനുവദിക്കണമെന്ന ആവശ്യം ബഹു. ധനമന്ത്രി തലത്തിൽ നിരസിച്ചിട്ടുള്ളതാണ്."

ഇതിന് ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".

6) ശ്രീ. വേലായുധൻ എം.പി. ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം) 863/2020 നം. കേസിന്മേലുള്ള 16.11.2021-ലെ ഉത്തരവിനെതിരെ അപ്പീൽ സാദ്ധ്യത വിരളമാണെന്ന നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ബഹു.കോടതി ഉത്തരവിന്റെ വെളിച്ചത്തിലും ശ്രീ. വേലായുധൻ എം.പി.-യ്ക്ക് കുടുംബ പെൻഷന് അർഹതയില്ലായെന്ന ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന് 01.07.2011 മുതൽ കുടുംബ പെൻഷൻ അനുവദിക്കാമോ, അതോ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ടോ എന്നുള്ളത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

ധനകാര്യ വകുപ്പിന്റെ ഉപദേശം മറികടന്ന് കൊണ്ട്, ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ തസ്തികയിലിരിക്കെ മരണമടഞ്ഞ ഡോ.ഉദയഭാനു എം.പി.-യുടെ കുടുംബ പെൻഷൻ അദ്ദേഹത്തിന്റെ അനന്തരാവകാശിയായ ശ്രീ.വേലായുധൻ എം.പി.-യ്ക്ക് ( പിതാവ് ) നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ച് 01.07.2011 തീയതി പ്രാബല്യത്തിൽ അനുവദിച്ചും ആയതിന്റെ കുടിശ്ശിക അനുവദിച്ചു കൊണ്ടും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.(ഇ.കെ.എം) 863/2020 നമ്പർ കേസിന്മേലുള്ള 16.11.2021 - ലെ ഉത്തരവ് നടപ്പിലാക്കികൊണ്ട് ഉത്തരവാകാമോ?